(ബി) സംസ്ഥാന ഗവൺമെൻറ് ഇതിൽ എന്തു തുക ചെല വഴിച്ചു. ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടി;

(സി) ആറാം പദ്ധതിയിൽ ഈ ഇനത്തിൽ കേന്ദ്രത്തിൽനിന്നും എന്തു തുക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ എല്ലാ പദ്ധതി പ്രവർത്തനങ്ങൾക്കും കൂടി 1969-70 മുതൽ പദ്ധതി തുക അല്ലാതെ വേറെ കേന്ദ്ര വിഹിതമില്ല. പദ്ധതിക്കു മൊത്തം കേന്ദ്ര സഹായം 30 : 70 അനുപാതത്തിൽ സഹായ ധനമായും കടമായും കിട്ടുന്നു. പ്രസ് വികസനത്തിന് മാത്രമായി സഹായധനം കിട്ടുന്നില്ല. തൻമൂലം പ്രസ്സുകളുടെ വികസനത്തിനു വേണ്ടി പ്രത്യേകമായി കിട്ടുന്ന തുക കണക്ക് പറയുവാൻ നിവൃത്തി യില്ല.

(ബി) ഈ നടപ്പു വർഷത്തിൽ 80 ലക്ഷം രൂപ ഗവൺമെൻറു പ്രസ്സുകളുടെ വികസനത്തിനും സ്റ്റേഷനറിയ്ക്കുമായി നീക്കി വച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര ഗവൺമെൻറ് എത്ര തുക തന്നിട്ടുണ്ട് എന്നു പറയുവാൻ നിവൃത്തിയില്ല. ആകെയുള്ള 80 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കേരള ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈ റിക്ക് പലിശയുള്ള കടമായി കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ള 30 ലക്ഷത്തിൽ 3,27,200 രൂപ സ്റ്റേഷനറി വകുപ്പിന്റെ കെട്ടിടം പണിക്കുള്ളതാണ്. ബാക്കിയുള്ള 26,72,800 രൂപയിൽ കഴിഞ്ഞ 1978 ഡിസംബർ അവസാനം വരെ 1963-ലെ അപ്രൻറീസ് ആക്റ്റ് അനുസരിച്ച് തൊഴിൽ രഹിതരായ ഡിപ്ലോമക്കാർക്ക് അച്ചടിയിൽ പരിശീലനം നൽകുന്നതിനുവേണ്ടി 25,894 രൂപയും, മണ്ണന്തല സർക്കാർ പ്രസ്സു കെട്ടിടം പണിയുന്നതിനുവേണ്ടി 4,09,467 രൂപയും കണ്ണൂരിൽ സർക്കാർ പ്രസ്സു കെട്ടിടം പണിയുന്നതിനു വേണ്ടി 39,684 രൂപയും ചെലവായി.

(സി) ഉത്തരം എ-യിൽ പറയുന്ന കാരണങ്ങളാൽ ആറാം പദ്ധതി യിൽ കിട്ടാവുന്ന പ്രസ്സുകൾക്കു വേണ്ടിയുള്ള വിഹിതം എത്രയെന്ന് പറയുവാൻ നിവൃത്തിയില്ല.

കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പുകൾ

823. [1242] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തിൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ വർക്കുഷോപ്പുകൾ സ്ഥാപിച്ചു;

(ബി) ഏതെല്ലാം ഡിസ്ട്രിക്റ്റുകളിൽ?

ഉത്തരം

(എ) ആൻറ് ബി 1978-79 സാമ്പത്തിക വർഷത്തിൽ കെ. എസ്. ആർ. ടി. സി. പുതിയ വർക്കുഷോപ്പുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly